രൂപ ബ്ലോക്ക് പഞ്ചായത്തുകളും 16,472.95 ലക്ഷം രൂപ ജില്ലാ പഞ്ചായത്തുകളും 11,583.84 ലക്ഷം രൂപ മുനിസിപ്പാലിറ്റികളും 7,458.30 ലക്ഷം രൂപ കോർപ്പറേഷനുകളും പദ്ധതി ചെലവുകൾക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്.

(സി) മൂന്നു ഗ്രാമപഞ്ചായത്തുകളും മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളും ഒരു ജില്ലാ പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയും (ആകെ 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) അൻപതു ശതമാനത്തിൽ താഴെ പദ്ധതി വിഹിതമേ വിനിയോഗിച്ചിട്ടുള്ളു.

(ഡി) കോട്ടയം ജില്ല പഞ്ചായത്തും കണ്ണൂർ മുനിസിപ്പാലിറ്റിയും അൻപതു ശതമാനത്തിൽ താഴെ പദ്ധതി വിഹിതമേ വിനിയോഗിച്ചിട്ടുള്ളു.

(ഇ) പുതിയതായി ഒരു മാനദണ്ഡവും പദ്ധതി വിഹിത വിതരണത്തിൽ സ്വീകരിച്ചിട്ടില്ല. 1-4-2004 മുതൽ ബിൽ സിസ്റ്റം നടപ്പാക്കാനുദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയാകാത്തതിനാൽ 30-9-2004 വരെ ബിൽ സിസ്റ്റം നടപ്പിലാക്കുന്നതു മാറ്റി വച്ചുകൊണ്ട് 24-6-2004-ൽ ജി.ഒ. (പി) 296/04/ഫിൻ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

ക്ഷേമപദ്ധതി പെൻഷനുകളുടെ കുടിശ്ശിക

16 [328] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വിവിധ പെൻഷൻ പദ്ധതികളിലായി എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പെൻഷൻ കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്തു തീർക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പെൻഷനും എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അവ ഓരോന്നും വിതരണം ചെയ്യുന്നതിന് എന്തു തുക വീതം വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(ഇ) വിവിധ ക്ഷേമപദ്ധതികളനുസരിച്ച് ഓരോ പെൻഷനും അർഹത പ്പെട്ടവർ എത്ര വീതമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും അമ്പതു വയസ്സിനു മുകളിലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ സാമൂഹ്യക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

പെൻഷനുകൾ 12/2003 വരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മേൽപ്പറഞ്ഞ പെൻഷനുകൾക്കായി 2004-05 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 1,890.39 ലക്ഷം രൂപ ഇതിനകം ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ചുള്ള പെൻഷൻ വിതരണം നടന്നുവരുന്നു. ആയതിനാൽ ഈ പെൻഷനുകളിൽ ഇപ്പോൾ കുടിശ്ശികയില്ല. കർഷകത്തൊഴിലാളി പെൻഷൻ 1-11-2002 മുതൽ കുടിശ്ശികയാണ്. കശുവണ്ടിത്തൊഴിലാളി പെൻഷന് (ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ചവർ) 12 മാസത്തെ കുടിശ്ശികയും ചുരുട്ടു തൊഴിലാളി പെൻഷൻ 3 മാസത്തെ കുടിശ്ശികയും നൽകാനുണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പെൻഷൻ വിതരണം ചെയ്തു തീർക്കുവാൻ കഴിയും.

(ഡി) അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും 50 വയസ്സിനു മുകളിലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ പെൻഷനുകളിൽ ഇപ്പോൾ കുടിശ്ശികയില്ല. കർഷകത്തൊഴിലാളി പെൻഷൻ 1-11-2002 മുതൽ കുടിശ്ശികയാണ്. കശുവണ്ടിത്തൊഴിലാളി പെൻഷന് (ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ചവർ) 12 മാസത്തെ കുടിശ്ശികയും ചുരുട്ടു തൊഴിലാളി പെൻഷൻ 3 മാസത്തെ കുടിശ്ശികയും നൽകാനുണ്ട്. കർഷകത്തൊഴിലാളി പെൻഷന് 149.67 കോടി രൂപയും കശുവണ്ടി തൊഴിലാളി പെൻഷന് (ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ചവർ) 177.56 ലക്ഷം രൂപയും ചുരുട്ടു തൊഴിലാളി പെൻഷന് 1.38 ലക്ഷം രൂപയും ആവശ്യമായി വരും.

(ഇ) ഓരോ പെൻഷൻ പദ്ധതിയിലുമുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെപ്പറയുന്ന പ്രകാരമാണ്:

അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ	. .	1,48,553
വിധവ പെൻഷൻ	. .	2,30,402
വാർദ്ധക്യകാല പെൻഷൻ	. .	1,34,600
അവിവാഹിതകളും അമ്പതു വയസ്സിനു മുകളിലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	. .	24,232
കർഷകത്തൊഴിലാളി പെൻഷൻ	. .	6,25,182
കശുവണ്ടി തൊഴിലാളി പെൻഷൻ (തൊഴിലാളി ക്ഷേമനിധി നിലവിൽ വരുന്നതിനുമുമ്പ് വിരമിച്ചവർ)	. .	11,393
ചുരുട്ടു തൊഴിലാളി പെൻഷൻ	. .	437

LIBRARY ARCHIVES Kerala Legislative Assembly